പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 624

29/01/2019 - ൽ മറുപടിക്ക്

# സഹകരണ വകുപ്പിനെ ശക്തിപ്പെടുത്തൽ

ചോദ്യം

ശ്രീ. എസ്.ശർമ്മ

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)

| | |
|---|---|
| സഹകരണ വകുപ്പിനെ ശക്തിപ്പെടുത്തുവാൻ ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ; | • സഹകരണ വകുപ്പിന്റെ ആധുനികവത്കരണത്തിനും വകുപ്പിൽ ഇ-ഗവേണൻസ് പ്രാവർത്തികമാക്കുന്നതിനും ആധുനികവത്കരണ ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആദ്യഘട്ടമായി സഹകരണ സംഘം രജിസ്ട്രാർ ആഫീസ്, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽ ഇ-ആഫീസ് സംവിധാനം നടപ്പിലാക്കി കഴിഞ്ഞു. എല്ലാ ജോയിന്റ് രജിസ്ട്രാർ ആഫീസുകളിലും താലൂക്ക് തല ആഫീസുകളിലും ഇ-ആഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നു വരുന്നു. സഹകരണ വകുപ്പിന്റെ ആധുനിക വത്ക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള ഐ.സി.ഡി.എം.എസ് (ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് സിസ്റ്റം) പദ്ധതി പ്രകാരം വകുപ്പിലെ സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി, ഇലക്ഷൻ നടപടി ക്രമം, ഫണ്ട് മാനേജ് മെന്റ്, ആഡിറ്റ് എന്നിവ ഓൺലൈൻ മുഖേന നടപ്പിലാക്കുന്നതിന് സി-ഡിറ്റുമായി ഏർപ്പെട്ടിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിൽ ബൈലാ ഭേദഗതി, രജിസ്ട്രേഷൻ, ഫണ്ട് മാനേജ്മെന്റ് എന്നീ മോഡ്യൂളുകൾ പൂർത്തിയാക്കുകയും, മറ്റുള്ളവ ഭാഗികമായി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വകുപ്പിന്റെ വെബ് സൈറ്റ് കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്തുന്നതിന് ബയോ മെട്രിക്ക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>• സഹകരണ ആഡിറ്റ് ശക്തിപ്പെടുത്തുന്നതിലേക്കായി സഹകരണ ആഡിറ്റ് മാന്വൽ പരിഷ്കരിക്കുന്നതിലേക്കുള്ള ഊർജ്ജിത നടപടി കൈക്കൊണ്ടിട്ടുണ്ട്.<br>• സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത ഉയർത്തി കൊണ്ട് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി സഹകരണ വകുപ്പിന്റേതായ ഒരു ട്രെയിനിംഗ് സെന്റർ |

ആരംഭിക്കുകയുണ്ടായി. ഉപരിയായി ഐ.എം.ജി, ഐ.സി.എം, എ.സി.എസ്.റ്റി.ഐ എന്നീ സ്ഥാപനങ്ങളിൽ ജീവനക്കാർക്ക് വേണ്ടി നടത്തി വരുന്ന ട്രെയിനിംഗ് പ്രോഗ്രാമുകളിലും സഹകരണ വകുപ്പ് ഉദ്യോഗസ്ഥരെ പങ്കെടുപ്പിക്കുന്നുണ്ട്.

- പുതിയതായി അനുവദിച്ച 14 താലൂക്കുകളിൽ സഹകരണ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ് രൂപീകരിക്കുകയും ആകെ 70 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.
- അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന് സ്വതന്ത്ര സ്ഥാപനമാക്കി സഹകരണ മേഖലയുടെ മുന്നോട്ടുള്ള വളർച്ചയ്ക്ക് സഹായകമാകുന്ന ക്ലാസ്സുകൾ, ഗവേഷണങ്ങൾ, പഠനങ്ങൾ, പരിശീലനങ്ങൾ എന്നിവ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സഹകരണ വകുപ്പിനോടൊപ്പം സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് ചുവടെ പറയുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്.

- കേരളത്തിന്റെ പുനർ നിർമ്മാണത്തിന് കേരളത്തിലാകെയുള്ള സഹകരണ സ്ഥാപനങ്ങളെ പങ്കാളികളാക്കി കൊണ്ട് കെയർ കേരള പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. പ്രളയ ദുരന്തത്തെ അതി ജീവിക്കുവാനുള്ള കേരളത്തിന്റെ പോരാട്ടത്തിന് കരുത്ത് പകരുന്ന സഹകരണ വകുപ്പിന്റെ കെയർ കേരള പദ്ധതിയിൽ കെയർ ഹോം, കെയർ വായ്പ , കെയർ ഗ്രേസ് എന്നീ പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. കെയർ ഹോം പദ്ധതിയിലൂടെ പ്രളയ ദുരന്തത്തിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് 2000 വീടുകൾ നിർമ്മിച്ച് നൽകുന്നതിനുള്ള നടപടി ആരംഭിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും സജീവമായി നടന്നുവരുന്നു.
- സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനർ ക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് ആർ.ബി.ഐ തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട് . ടി പദ്ധതിക്ക് റിസർവ്വ് ബാങ്കിന്റെ നിർദ്ദേശങ്ങൾ പാലിച്ച് അന്തിമ അനുമതിക്കായുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.
- സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ കുടിശ്ശിക തീർപ്പാക്കുന്നതിനായി നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയുടെ കാലാവധി 01.12.2018 മുതൽ 28.02.2019 വരെയാണ്.
- വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കൾക്ക് വീട്ടിൽ നേരിട്ട് എത്തിക്കുന്ന പദ്ധതി, കെ.എസ്.ആർ.ടി.സി പെൻഷൻ പദ്ധതി എന്നിവ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ/സംഘങ്ങൾ വഴി നടപ്പിലാക്കി വരുന്നു.
- സമൂഹത്തിലെ താഴെ തട്ടിലുള്ളവർ, ചെറുകിട കച്ചവടക്കാർ

എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും രക്ഷപ്പെടുത്തുക അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് മുറ്റത്തെമുല്ല എന്ന ഗ്രാമീണ ലഘു വായ്പാ പദ്ധതി.

- കേരള സർക്കാർ തുടക്കം കുറിച്ച ഹരിത കേരളം പദ്ധതിക്ക് പിൻതുണ നൽകിക്കൊണ്ട് പരിസ്ഥിതി സംരക്ഷണത്തിനായി 5 ലക്ഷം വൃക്ഷതൈകൾ നട്ട് വളർത്തുക എന്ന ദൗത്യം 2017 - ൽ സഹകരണ വകുപ്പ് ഏറ്റെടുക്കുകയും അതിന്റെ തുടർച്ചയായി 2018 മുതൽ 5 വർഷം കൊണ്ട് 5 ലക്ഷം ഫലവൃക്ഷങ്ങൾ സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വച്ച് പിടിപ്പിക്കുക എന്ന പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിക്കുകയും ചെയ്തു. 2018-ൽ തീം ട്രീസ് ഓഫ് കേരള എന്ന പേരിൽ അടുത്ത 5 വര്ഷം കൊണ്ട് 5 ലക്ഷം ഫലവൃക്ഷതൈകൾ നട്ടു പരിപാലിക്കുക എന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്.
- സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ പട്ടികജാതി/പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളേയും വരുന്ന മൂന്ന് വർഷം കൊണ്ട് സ്വയംപര്യാപ്തമായ രീതിയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയായ പുനർജ്ജനി യുടെ ഒന്നാം ഘട്ടത്തിലേക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടു പോകുന്നു.
- അട്ടപ്പാടി മേഖലയിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള സമ്പൂർണ്ണ ആരോഗ്യ പരിപാലന പദ്ധതിയായ അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതിയിലൂടെ അട്ടപ്പാടി മേഖലയിലെ കോളനികളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, ആരോഗ്യ കാര്യങ്ങളെ കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുക, ആംബുലൻസ് സർവ്വീസ് എത്തിക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ പോഷകാഹാരങ്ങൾ നൽകുക എന്നിവ ഉൾപ്പെടെയുള്ള വിവിധ ആരോഗ്യ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നു.
- നെല്ല് സംഭരണം, സംസ്കരണം, വിപണനം എന്നിവ ലക്ഷ്യമാക്കി പാലക്കാട് ജില്ലാടിസ്ഥാനത്തിൽ ഒരു സഹകരണ സംഘം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- അപ്പക്സ് ഫെഡറേഷനുകളെ ശക്തിപ്പെടുത്തുന്നതിലേയ്ക്ക് റബ്കോ, റബ്ബർമാർക്ക്, മാർക്കറ്റ് ഫെഡ് ഇവയ്ക്ക് യഥാക്രമം 238.35 കോടി രൂപ, 41.39 കോടി രൂപ, 27.01 കോടി രൂപ, കേരളാ സ്റ്റേറ്റ് കോ - ഓപ്പറേറ്റീവ് ബാങ്കിന്റെ വായ്പാ കുടിശ്ശിക ക്രമീകരിക്കുന്നതിലേയ്ക്ക് ഒ.റ്റി.എസ് പ്രകാരം സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്.
- സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ നേതൃത്വത്തിൽ മൺമറഞ്ഞ സാഹിത്യ കാരന്മാരേയും അവരുടെ കൃതികളെയും

പരിചയപ്പെടുത്തുന്നതോടൊപ്പം പ്രിന്റിംഗ് രംഗത്ത് വന്നിട്ടുള്ള പരിവർത്തനങ്ങളേയും പ്രദർശന സാമഗ്രികളേയും ഉൾപ്പെടുത്തിക്കൊണ്ട്, അക്ഷര നഗരി എന്നറിയപ്പെടുന്ന മ്യൂസിയം കോട്ടയത്ത് രൂപീകരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി വരുന്നു.

- കൃതി അന്തർദേശീയ സാഹിത്യ വിജ്ഞാനോത്സവത്തിന്റെ രണ്ടാം പതിപ്പ് 2019 ഫെബ്രുവരി 8 മുതൽ എസ്.പി.സി.എസ് മുഖേന നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.
- സഹകരണ വകുപ്പിനായി നിലവിലുള്ള തുടർ പദ്ധതികൾക്ക് ഉപരിയായി സഹകരണ വകുപ്പിന്റെ കീഴിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനിക വത്ക്കരണ സഹായ പദ്ധതി, സഹകരണ സംരംഭകത്വം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനുള്ള സഹായ പദ്ധതി, വനിതാ സഹകരണ സംഘങ്ങൾക്കും വനിതാഫെഡിനുമുള്ള ധനസഹായ പദ്ധതി, കേരള കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ രൂപീകരണത്തിനായുള്ള സഹായ പദ്ധതി എന്നീ പുതിയ സ്കീമുകൾ നടപ്പിലാക്കുകയും ധനസഹായം അനുവദിച്ച് വരികയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ